"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - മാനന്തവാടി സബ്ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.169/2026/TAXES തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-
1. 05.12.2023-ലെ ജി.ഒ.(ആർടി) നം. 855/2023/ടാക്സസ്
2. 27.02.2025-ലെ ജി.ഇ.(ആർടി) നം.177/2025/ടാക്സസ്
3. 23.05.2025-ലെ ജി.ഒ.(ആർടി) നം.489/2025/ടാക്സസ്
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 25.08.2025, 23.01.2026 തീയതികളിലെ SLTY/975/2017-MOD1 SL നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മാനന്തവാടി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നവീകരണം നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2) സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ - സബ് ഓഫീസുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറ്റുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിയ്ക്കുമെന്ന 2024-25 ബഡ്ജറ്റ് പ്രഖ്യാപനത്തിന് തുടർച്ചയായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ-സബ് ഓഫീസുകൾ ഉൾപ്പെടെ 21 ഓഫീസുകൾ അനുയോജ്യമായ കെട്ടിടത്തിലേയ്ക്കു മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കുകയുണ്ടായി.

3) ടി ഉത്തരവിൽ ഉൾപ്പെട്ടിരുന്ന മാനന്തവാടി സബ് ഓഫീസ് BSNL-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് പരാമർശം (3) പ്രകാരവും അനുമതി നല്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, ഭാഗ്യക്കുറി വകുപ്പിന്റെ മാനന്തവാടി സബ് ഓഫീസിന്റെ നവീകരണത്തിനായി ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നും ഇതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു സാമ്പത്തിക ചെലവുകളും ഉണ്ടായിട്ടില്ല എന്നും പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി

ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി വകുപ്പിന്റെ മാനന്തവാടി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നവീകരണത്തിന് ഭരണാനുമതി നല്കിയ പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (19.12.2025-ലെ 2405417/Exp.B1/167/2025-Fin പ്രകാരം )
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്(TAXES-H1/272/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 11-02-2026 12:58:00

സെക്ഷൻ ഓഫീസർ